# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 785      25.01.2018-ൽ മറുപടിയ്ക്ക്

## വിദേശരാജ്യങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പോർച്ചുഗലിലെ കോയിമ്പ്ര സർവ്വകലാശാലയിലെ എം.എസ്.സി. ബിസിനസ് മാനേജ്മെന്റ് വിദ്യാർത്ഥിനി റിമ രാജന് അർഹമായ സ്കോളർഷിപ്പ് അനുവദിക്കുന്നതിൽ വകുപ്പിന്റെയും ഉദ്യോഗസ്ഥരുടെയും ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | വീഴ്ച വന്നിട്ടില്ല |
| (ബി) | പണമടച്ചില്ലെങ്കിൽ പുറത്താക്കും എന്ന് പോർച്ചുഗലിലെ സർവ്വകലാശാലയിൽ നിന്ന് റിമ രാജന് കത്ത് ലഭിക്കാനുള്ള കാരണം ഉദ്യോഗസ്ഥരുടെ അനാസ്ഥ യാണെന്ന് കരുതുന്നുണ്ടോ; | (ബി) | ഇല്ല |
| (സി) | എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർ ക്കെതിരെ നടപടി സ്വീകരിക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | സ്കോളർഷിപ്പ കിട്ടിയില്ലെങ്കിൽ സർവകലാശാലയിൽ നിന്ന് പുറത്താക്കുമെന്ന ആവലാതിയുമായി റിമയുടെ അച്ഛൻ വകുപ്പ മന്ത്രിയെ കണ്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ഡി) & (ഇ) | റിമ രാജൻ പട്ടികജാതി വികസന വകുപ്പിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെയാണ് വിദേശപഠനത്തിന് ചേർന്നത്. പിന്നീട് ഫീസടയ്ക്കാൻ കഴിയാതെ പഠനം മുടങ്ങുന്ന സാഹചര്യമുണ്ടെന്ന് ശ്രീ.ബി.ഡി.ദേവസ്സി.എം.എൽ.എ മുഖാന്തിരം നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പഠനം തുടരുന്നതിനുള്ള സഹായം എന്ന നിലയിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് 5 ലക്ഷം രൂപ അനുവദിച്ച് നൽകുകയുണ്ടായി. ആയതിന്റ |
| (ഇ) | എങ്കിൽ ഇതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാ ക്കാമോ; | | |

| | | | |
|---|---|---|---|
| | | | ശേഷം ഫീസിന്റെ രണ്ടാം ഗഡുവായ 9,68,125 രൂപ ആവശ്യപ്പെട്ടുകൊണ്ട് കുമാരി.റിമ രാജൻ നൽകിയ അപേക്ഷ പരിഗണിച്ച് ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | ഇന്ത്യയിൽ ഇല്ലാത്ത കോഴ്സിന് പട്ടികജാതി വിദ്യാർത്ഥികൾ വിദേശത്ത് പ്രവേശനം നേടിയാൽ മുഴുവൻ തുകയും സ്കോളർഷിപ്പ് നൽകുന്ന ചട്ടം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എഫ്) | നിലവിൽ വിദേശത്ത് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക്, ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് 04/10/2017 ലെ സ.ഉ.(എം.എസ്) നം.81/2017/പജപവവിവ ഉത്തരവ്പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. |
| (ജി) | എങ്കിൽ ഈ ചട്ടം ലംഘിച്ച് വിദേശരാജ്യങ്ങളിൽ എം.ബി.ബി.എസിനു പഠിക്കുന്നവർക്കുപോലും സ്കോളർഷിപ്പ് അനുവദിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ജി) | നിലവിലെ മാനദണ്ഡങ്ങളുടെ ലംഘനം ശ്രദ്ധയിൽപെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ